പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## മിഷൻ 676 ൽ ഉൾപ്പെടുത്തിയ ഗ്രാമീണ വികസന പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1406 — 2.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>" എം.എ.വാഹിദ്<br>" വി.റ്റി.ബൽറാം<br>" പി.എ.മാധവൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഗ്രാമീണ വികസനത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഗ്രാമ വികസന വകുപ്പിൻകീഴിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | പദ്ധതി രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | മിഷൻ 676 ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന എന്നിവ നിലവിൽ വകുപ്പ് വഴി നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇവ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിച്ചുമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിനായി 1,28,43,927 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പനമരം ബ്ലോക്ക് പഞ്ചായത്തിനും മറ്റ് 4 ബ്ലോക്ക് പഞ്ചായത്തുകൾക്കും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കാലേക്കൂട്ടിതന്നെ വാർഷിക പദ്ധതികൾ തയ്യാറാക്കുകയും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

## ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ

**PMGSY**

1. പണി പുരോഗതിയിലുള്ള 61 റോഡുകൾ (150 കി.മീ.) 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കും. PMGSY-II ൽ 570 കി.മീ. റോഡിന്റെ ഡി.പി.ആർ. 100 ദിവസത്തിനകം പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങും.
2. മൊത്തം 548 റോഡുകൾ (1308 കി.മീ.) 676 ദിവസത്തിനുള്ളിൽ പൂർത്തിയാക്കും. PMGSY-II ൽ ആകെ ലഭിക്കുന്ന പ്രോജക്ടിലെ റോഡുപണി 676 ദിവസത്തിനകം പൂർത്തിയാക്കും.

**MGNREGS**

3. ജലസംരക്ഷണം, നീർത്തടപരിപാലനം, സൂക്ഷ്മ ചെറുകിട ജലസേചനം, മരംവച്ചു പിടിപ്പിക്കൽ, ഭൂവികസനം, മൃഗസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മേഖലകളിൽ 100 ദിവസത്തിനുള്ളിൽ 8 ലക്ഷം തൊഴിൽ ദിനങ്ങളും 676 ദിവസത്തിനുള്ളിൽ 1400 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും.
4. 500 ഗ്രാമപഞ്ചായത്തിലും 100 ബ്ലോക്കു പഞ്ചായത്തിലും രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ പണി പൂർത്തിയാക്കും.
5. ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ ഒരു ഗ്രാമപഞ്ചായത്തിന് ശരാശരി 100 മഴക്കുഴി വീതം ആകെ സംസ്ഥാനത്ത് 1 ലക്ഷം മഴക്കുഴികൾ നിർമ്മിച്ചു ഭൂഗർഭജല ലഭ്യത വർദ്ധിപ്പിക്കുവാനുള്ള പദ്ധതി 676 ദിവസം കൊണ്ടു പൂർത്തിയാക്കും.

**IAY**

6. 100 ദിവസ കാലയളവിൽ 10000 വീടുകളും, 676 ദിവസ കാലയളവിൽ 1 ലക്ഷം വീടുകളും പൂർത്തീകരിക്കുന്നതാണ്.

**BLOCK PANCHAYAT BUILDING**

7. പുതുതായി അനുവദിച്ച കാറഡുക്ക, പരപ്പ, കല്യാശ്ശേരി, പാനൂർ, പനമരം, കാളികാവ് ബ്ലോക്കുകളിൽ 2 കോടി രൂപാ വീതം ചെലവിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം 676 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ്.